LIBRARY ARCHIVES Kerala Legislative Assembly

കാർഷിക മേഖലയിലെ തൊഴിലിന് സ്ഥിരവരുമാനം

137 (7434) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയിൽ തൊഴിൽ ചെയ്യുന്നവരെ സ്ഥിരവരുമാനക്കാരനാക്കുന്നതിനും അവരുടെ കുടുംബഭദ്രത ഉറപ്പുവരുത്തുന്നതിനും എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ ;

(ബി) കർഷകരുടെ ജീവിതനിലവാരം ഉയർത്തുന്ന തരത്തിലുള്ള എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൃഷിവകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ എല്ലാംതന്നെ കാർഷിക മേഖലയിൽ തൊഴിൽ ചെയ്യുന്നവരെ സ്ഥിരവരുമാനക്കാരാക്കുന്നതിനും അവരുടെ കുടുംബഭദ്രത ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിടുന്നവയാണ്. ശാസ്ത്രീയ കൃഷിമുറകൾ അവലംബിക്കുന്നതുവഴി ഉല്പാദനം വർദ്ധിപ്പിക്കുന്നതും തദ്വാര കൃഷിയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതുമാണ് എല്ലാ പദ്ധതികളുടെയും ലക്ഷ്യം.

(ബി) കർഷകരുടെ ജീവിതനിലവാരം ഉയരുന്നതിന് ആധുനിക കൃഷി രീതികൾ സ്വീകരിക്കേണ്ടതുണ്ട്. ഇതിന് സഹായകമായ ഹൈ-ടെക് പദ്ധതികൾ - പോളിഹൗസിലെ കൃഷി, കൃത്യതാ കൃഷി എന്നിവയ്ക്ക് കൃഷിവകുപ്പ് പ്രത്യേക ഹൈ-ടെക് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിലൂടെ വരുമാനത്തിൽ വൻ വർദ്ധനവ് നേടാൻ സഹായിക്കുന്ന പ്രോജക്ടുകൾക്കും നിബന്ധനകൾക്ക് വിധേയമായി സാമ്പത്തിക സഹായം നൽകിവരുന്നു.

ജാതി കർഷകരെ സഹായിക്കുന്നതിനായി നടപടി

138 (7435) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജാതി കർഷകരെ സഹായിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ജാതി കർഷകരെ സഹായിക്കുന്നതിനായി സംസ്ഥാന കൃഷി വകുപ്പ് ഗുണമേന്മയുള്ള ജാതി തൈകൾ (ഗ്രാഫ്റ്റുകൾ) ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ജാതി കൃഷി ചെയ്യുന്നതിന് ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം ധനസഹായം നൽകുന്നുണ്ട്.

(ബി) 2013-14 വർഷത്തിൽ 23 ലക്ഷം രൂപ ചെലവഴിച്ച് കൃഷി വകുപ്പിന്റെ 11 കൃഷി ഫാമുകൾ 7.25 ഹെക്ടർ സ്ഥലത്ത് ജാതി ഗ്രാഫ്റ്റ് തൈകളുടെ ഉല്പാദനത്തിന് ആവശ്യമായ പ്രോജനി ഓർച്ചാർഡ് വച്ച് പിടിപ്പിക്കുകയുണ്ടായി.

അങ്കമാലി മേഖലയിലെ ജാതി കൃഷിക്ക് രോഗബാധയുണ്ടായപ്പോൾ ടി മേഖലയിലെ ജാതി കർഷകർക്കായി രോഗ നിയന്ത്രണത്തിന് സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ച് ബോധവൽക്കരണ സെമിനാറുകളും ചർച്ചാ ക്ലാസ്സുകളും നടത്തുകയും മരുന്ന് തളിക്കുന്നതിന് ആവശ്യമായ റോക്കർ സ്പ്രേയറുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷത്തെ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം ഹോർട്ടിക്കൾച്ചർ വിളകളുടെ വിളവിസ്തൃതി വ്യാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സുഗന്ധവ്യജ്ഞന വിളകളായ കുരുമുളക്, ജാതി മുതലായ വിളകൾക്ക് ഹെക്ടർ ഒന്നിന് മൊത്തം പദ്ധതി ചെലവായ 50,000 രൂപയുടെ 40 ശതമാനമായ 20,000 രൂപ ധനസഹയമായി നൽകുന്നു. ഇത് ഒരു കർഷകന് പരമാവധി 4 ഹെക്ടർ സ്ഥലം കൃഷി ചെയ്യുന്നതിന് നൽകുന്നതാണ്.

ഇപ്രകാരം 250 ഹെക്ടർ സ്ഥലത്ത് സുഗന്ധവ്യജ്ഞന വിളകളായ കുരുമുളക്, ജാതി മുതലായവ കൃഷി ചെയ്യുവാൻ അനുമതി ലഭിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ ഹരിത നഗരി പദ്ധതി

139 (7436) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ ഹരിത നഗരി പദ്ധതിയിൽ എത്ര കുടുംബങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത് ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് എത്ര രൂപയുടെ ആനുകൂല്യങ്ങളാണ് നൽകിയിട്ടുള്ളത് ;

(സി) ആനുകൂല്യങ്ങൾ ലഭിച്ച കുടുംബങ്ങൾ എത്ര രൂപയുടെ പച്ചക്കറികളാണ് ഉല്പാദിപ്പിച്ചിട്ടുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) ഹരിത നഗരി പദ്ധതി ഈ വർഷവും ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എത്ര പേർക്കാണ് ഇത്തവണ ആനുകൂല്യം നൽകിയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly